**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 71** **04-10-2021 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് മാത്രമായി പ്രത്യേക ക്ഷേമനിധി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ജില്ലാതല അക്രഡിറ്റേഷൻ ഏർപ്പെടുത്തുമോ; | (എ) | 2008- ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02-02-2016 ലെ ജി.ഒ (പി) നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരുവാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് ഇപ്പോൾ നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955 ന്റെ പരിധിയിൽ വരാത്തവരും, ഫ്രീലാൻസ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. പ്രാദേശിക മാധ്യമപ്രവർത്തകർക്ക് 2008-ലെ അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ (കേന്ദ്രനിയമം) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ ടി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് 19/08/2019-ലെ സ.ഉ.(സാധാ) നം 1005/2019/തൊഴിൽ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങളാവുന്നവർക്ക് "രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ |

| | | | |
|---|---|---|---|
| | | | യോജന" പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കുവാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ, അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സ സഹായമായി നല്കുന്നതാണ്. അതിനാൽ, പ്രാദേശിക പത്രപ്രവർത്തകർക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളാകാൻ അവസരം നൽകുകയും ഈ പദ്ധതിമുഖേന പ്രാദേശിക പത്രപ്രവർത്തകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതും പരിഗണിക്കാവുന്നതുമാണ്. അക്രഡിറ്റേഷൻ ഇല്ലാത്ത മാധ്യമ പ്രവർത്തകർക്ക് വകുപ്പിൽനിന്നും നൽകിവരുന്ന പ്രസ് ഐഡന്റിറ്റി കാർഡ് സുരക്ഷാകാരണങ്ങളാൽ അനുവദിക്കുന്നില്ല. പ്രാദേശിക ലേഖകർക്ക് സർക്കാർ തലത്തിൽ ഏതെങ്കിലും തരത്തിലുള്ള തിരിച്ചറിയൽ കാർഡ്/ അക്രഡിറ്റേഷൻ കാർഡ് നൽകുന്നത് അഭികാമ്യമല്ല. മീഡിയാ ലിസ്റ്റിൽ ഉള്ള മാധ്യമപ്രവർത്തകർക്ക് സ്ഥാപനത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പിൽ പ്രവേശിക്കാൻ എൻട്രി പാസ് അനുവദിക്കുന്നുണ്ട്. ആയതിനാൽ പ്രാദേശിക മാധ്യമപ്രവർത്തകർക്ക് ജില്ലാതല അക്രഡിറ്റേഷൻ ഏർപ്പെടുത്താൻ നിലവിൽ ആലോചിച്ചിട്ടില്ല. |
| (ബി) | ആരോഗ്യ സുരക്ഷ പദ്ധതിയിൽ പ്രാദേശിക മാധ്യമ പ്രവർത്തകരെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് നിലവിൽ ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കും. |
| (സി) | പ്രാദേശിക മാധ്യമ പ്രവർത്തകർക്കെതിരെ നടക്കുന്ന അക്രമങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ലഭിക്കുന്ന പരാതികളിൽ ആഭ്യന്തര വകുപ്പ് മുഖാന്തിരം നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ